**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **24-06-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഏകീകൃത സോഫ്റ്റ് വെയറിന്റെ എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് e-tender സൈറ്റ് മുഖേന Request for Proposal ആണ് തയ്യാറാക്കി നൽകിയിട്ടുള്ളത്. ആയത് പ്രകാരം ബിഡിൽ പങ്കെടുക്കുന്നവരാണ് തുക വാഗ്ദാനം ചെയ്യേണ്ടത്. ആയതിനാൽ പദ്ധതി നടത്തിപ്പിനായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ബി) | ഒരു പദ്ധതി ടെൻഡർ ചെയ്യുന്നതിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് സർക്കാരിന്റെ നടപടിക്രമങ്ങളിൽ നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ടെണ്ടറുകളുടെ സ്വഭാവത്തിനനുസരിച്ചാണ് വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. Request for Proposal (RFP) തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രൊപോസൽ ക്ഷണിക്കുമ്പോൾ പ്രൊപോസലിനൊപ്പം എസ്റ്റിമേറ്റ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടിക്രമങ്ങൾ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ നടത്തിയതെന്ന് വിശദമാക്കുമോ? | (സി) | e-tender വ്യവസ്ഥകൾ പരിശോധിച്ച് നിയമാനുസൃതമായാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ